# കുവൈത്തിൽ പ്രധാനമന്ത്രിയുടെ ലേബർ ക്യാമ്പ് സന്ദർശനം

ഡിസംബർ 21, 2024

കുവൈത്ത് സന്ദർശനത്തിലെ ആദ്യ പരിപാടി എന്ന നിലയിൽ, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 1500-ഓളം ഇന്ത്യൻ പൗരന്മാരുള്ള കുവൈത്തിലെ മിന അബ്ദുല്ല പ്രദേശത്തെ ലേബർ ക്യാമ്പ് സന്ദർശിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള അവിടുത്തെ ഇന്ത്യൻ തൊഴിലാളി സമൂഹവുമായി പ്രധാനമന്ത്രി സംവദിക്കുകയും അവരുടെ ക്ഷേമം ആരായുകയും ചെയ്തു.

2. വിദേശത്തുള്ള ഇന്ത്യൻ തൊഴിലാളികളുടെ ക്ഷേമത്തിന് പ്രധാനമന്ത്രി മുൻഗണന നൽകുന്നതിനുള്ള പ്രതീകമായി ഈ ലേബർ ക്യാമ്പ് സന്ദർശനം. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ, വിദേശത്തുള്ള ഇന്ത്യൻ തൊഴിലാളികളുടെ ക്ഷേമത്തിനായി സാങ്കേതികവിദ്യ അധിഷ്ഠിതമായ നിരവധി സംരംഭങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്, ഇതിൽ ഇ-മൈഗ്രേറ്റ് പോർട്ടൽ, മദദ് പോർട്ടൽ, പ്രവാസി ഭാരതീയ ബീമാ യോജന വിപുലീകരിക്കൽ എന്നിവ പെടുന്നു.

കുവൈത്ത് സിറ്റി

ഡിസംബർ 21, 2024